**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5120** **02-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് അനുഭവപെട്ട പ്രയാസം പരിഹരിക്കുവാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയുണ്ടായി. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കോവിഡ് 19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപ്പിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ , കർഷക കൂട്ടായ്മകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾക്ക് കൃഷിവകുപ്പ് നേതൃത്വം നൽകുകയും ചെയ്തു. കൂടാതെ വിറ്റഴിക്കാൻ കഴിയാത്ത മരച്ചീനി വാട്ട് കപ്പയാക്കി മാറ്റുവാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രകാരം തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരണം നടത്തിവരുന്നു. ഇതിൽ 250 വിപണികൾ PACS ന്റെയും, 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. |
| (ബി) | കർഷകർക്ക് കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുവേണ്ടി പുതിയ പദ്ധതികൾ | (ബി) | ഉണ്ട്. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കുന്നതിന് സഹകരണ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | രൂപീകരിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | | പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു ധനസഹായം 2. മൂല്യവർധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം 3. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ. 4. കണ്ടെയ്നർ മോഡൽ വില്പനശാലകൾ |

സെക്ഷൻ ഓഫീസർ